


# 2025 - 26

# അക്കാദമിക മാസ്റ്റർ പ്ലാൻ: കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

**ആമുഖം:**

പുരോഗമനാത്മകമായി മാറുന്ന ലോകക്രമത്തിൽ - അതിന്റെ ഭാഗമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത്. വികസനോന്മുഖമായ ഒരു സാമൂഹിക നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയ രൂപകല്പന ചെയ്യേണ്ടതുണ്ട്.

മികച്ചതും സുസ്ഥിരവുമായ ഭാവിയെ വരിക്കുന്നതിനായി 2015 ൽ യു.എൻ സുസ്ഥിര വികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങി പതിനേഴ് (17) സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റേയും അടിസ്ഥാനമായി വർത്തിക്കുന്നു. എല്ലാവരേയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം നടപ്പിൽ വരുത്താൻ നമ്മുടെ വിദ്യാലയവും നിരന്തരം പരിശ്രമത്തിൽ ഏർപ്പെട്ടു വരുന്നു. ഈ അക്കാദമിക വർഷം സമയബന്ധിതമായി പ്രവർത്തനങ്ങൾ തീരുമാനിച്ച് നടപ്പിൽ വരുത്തി മികവിലേക്ക് നടന്നടുക്കാൻ ഓരോ അധ്യാപകരും തയ്യാറെടുത്തു കഴിഞ്ഞു.

നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ ചുരുക്ക രൂപമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ 'ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും' എന്ന ലക്ഷ്യത്തിനായി കൂട്ടായി യത്നിക്കേണ്ടതുണ്ട്. അധ്യാപകർ, പി.ടി.എ, മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങി എല്ലാവർക്കും അവരുടേതായ പങ്കുണ്ട് ഇക്കാര്യത്തിൽ.

**കാഴ്ചപ്പാട്:**

നമ്മുടെ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാക്കുക എന്ന കാഴ്ചപ്പാടിലാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

**ലക്ഷ്യങ്ങൾ:**

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ കായിക പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠനപിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു

* സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം.....) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും പരമാവധി ഉപയോഗപ്രദമാക്കുകയും ചെയ്യും.
* ഓരോ അധ്യാപകരും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
* ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുന്നു.
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

അവസ്ഥാപഠനം:

(a) പാഠ്യപദ്ധതി വിനിമയം: ഓരോ വിഷയങ്ങളിലും നിർദ്ദിഷ്ടലക്ഷ്യങ്ങൾ കുട്ടികൾ നേടിയെടുത്തോ എന്ന് പരിശോധിക്കുകയും കൃത്യമായ പരിഹാര പ്രവർത്തനങ്ങളിലൂടെ വിടവ് നികത്തുകയും ചെയ്യുന്നു.

(b) പഠനാന്തരീക്ഷം

മികച്ച പഠനാന്തരീക്ഷം കൈവരിക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നു.

* ക്ലാസ് മുറികളുടെ സജ്ജീകരണം മികച്ച രീതിയിൽ നിലനിർത്തുന്നു.
* അവസര സമത്വം, സ്വതന്ത്രചിന്ത, ലിംഗസമത്വം, ഐക്യബോധം കുട്ടികളിലും ഉൾക്കൊള്ളുന്ന അന്തരീക്ഷം.
* അനുയോജ്യമായ പഠനോപകരണങ്ങൾ
* ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യതയും ഉപയോഗവും.
* കളിയുപകരണങ്ങൾ, കളിസ്ഥലം
* പഠനത്തോടൊപ്പം Zumba dance
* ലഘുവ്യായാമം ഉറപ്പുവരുത്തുന്നു, ക്ക വിവിധ ശൈലികൾ.

* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
* പൂർവ്വ വിദ്യാർത്ഥികൾ
* വിവിധ വകുപ്പുകൾ
* സന്നദ്ധ സംഘടനകൾ
* പ്രാദേശിക വിദഗ്ധർ.
* കായിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ, സംഘങ്ങൾ പൂർവ്വ വിദ്യാർത്ഥികളായുള്ള കായിക താരങ്ങൾ.

(ഈ ഘടകങ്ങൾ വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിന് നൽകി കൊണ്ടിരിക്കുന്ന പിന്തുണാരേഖകൾ പരിശോധിച്ചും ചർച്ചകളിലൂടെയും വിലയിരുത്തലുകൾ നടത്തേണ്ടതാണ്)

ഉദാ:- ലഹരി ഉപയോഗം
കുട്ടികൾക്കെതിരായ അതിക്രമങ്ങൾ.
കുട്ടികളിൽ കണ്ടുവരുന്ന വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ.
പഠനപിന്നോക്കാവസ്ഥ.

മാസ്റ്റർ പ്ലാൻ രൂപീകരണം:

(1) ഹ്രസ്വകാല പരിപാടി (2) മധ്യകാലപരിപാടി (3) ദീർഘകാലപരിപാടി

ഹ്രസ്വകാലപരിപാടി:

എല്ലാ ക്ലാസിലും കുട്ടികളുടെ മുന്നറിവ് പരിശോധന നടത്തുകയും വേണ്ട പ്രവർത്തനങ്ങൾ അധ്യാപകർ പ്ലാൻ ചെയ്ത് നടപ്പിൽ വരുത്തുകയും ചെയ്യുന്നു. പഠനത്തിൽ നിന്നും പ്രധാനമായും മനസ്സിലാക്കാൻ കഴിഞ്ഞത് മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളിലും ഗണിതത്തിലും കുട്ടികൾക്കുണ്ടാകുന്ന പിന്നോക്കാവസ്ഥകളെക്കുറിച്ചാണ്. ഇതിനായി ദിവസവും 1 മണിക്കൂർ ഒഴിവുവേളകളിൽ കണ്ടെത്തി ഉത്തരം കുട്ടികൾക്ക് കൃത്യമായ പരിശീലനം നൽകി മൂന്നോ നാലോ മാസം കൊണ്ട് ഈ പ്രശ്നം മറികടക്കുക എന്നതാണ് ലക്ഷ്യം

## മധ്യകാല പരിപാടി:

സ്കൂളിന്റെ മധ്യകാലപരിപാടിയായി തിരഞ്ഞെടുത്തിരിക്കുന്നത് തനതു പ്രവർത്തനം ആയ ഹരിത വിദ്യാലയം എന്നതാണ്. അതിനായി ഹരിത ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാലയ അന്തരീക്ഷം പച്ചപ്പ് നിറഞ്ഞതാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യും. ഇതിൽ ഒരു മികച്ച പച്ചക്കറിത്തോട്ടവും തണൽ മരങ്ങൾ വെച്ചുപിടിപ്പിക്കലും പ്ലാൻ ചെയ്യുന്നു.

## ദീർഘകാല പരിപാടി:

5-10 ക്ലാസിൽ പഠിക്കുന്ന ഓരോ കുട്ടിയുടെയും ഭാഷാശേഷി അളക്കുകയും എഴുത്തും വായനയും അറിയാത്തവരെ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് പ്രവർത്തനങ്ങൾ കണ്ടെത്തി മികവിലേക്ക് എത്തിക്കുന്നതിൽ വിജയസ്പർശം പരിപാടി കൂടുതൽ മികവാർന്നതാക്കുക എന്നതാണ് ദീർഘകാല പരിപാടി. ഇത് പ്രകാരം 5,6,7 വരെ ക്ലാസുകളിൽ ഈ കുട്ടികളെ തുടർച്ചയായി പിന്തുടരുകയും 7th std കഴിയുമ്പോഴേക്കും എല്ലാവരെയും സാക്ഷരരാക്കാൻ കഴിയണം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുക എന്നതാണ് നമ്മുടെ ദീർഘകാല പരിപാടി ഇതുപോലെ തന്നെ 1, 2 ക്ലാസുകളിലും ഭാഷാശേഷി വികസനം ഉറപ്പുവരുത്തുന്നു. 3-10 ക്ലാസിലേക്ക് കടന്നുവരുന്ന കുട്ടികളിൽ ആരും തന്നെ എഴുത്ത്, വായന അറിയാത്തവർ ഉണ്ടാകരുതെന്ന കൃത്യമായ ലക്ഷ്യത്തോടെ പഠനപ്രവർത്തനങ്ങൾ സജ്ജമാക്കുന്നു. (ഈ പ്രവർത്തന വിജയത്തിനായി ക്ലാസ് അധ്യാപകരുടെ പ്രത്യേക ശ്രദ്ധയും പരിഗണനയും ഈ കുട്ടികളിൽ ഉണ്ടാവുകയും വേണം)

പൊതുവായ പ്രവർത്തനങ്ങൾ:

* അസംബ്ലി – മാസത്തിൽ രണ്ടുതവണ (രണ്ടാഴ്ചയിൽ ഒരിക്കൽ കാലാവസ്ഥക്ക് അനുസരിച്ച്)
* BRC Spl. teacher (Rubeena teacher) ന്റെ സേവനം. (IEDC)
* കരാട്ടെ ക്ലാസ്.
* വിജയസ്പർശം
* LSS, USS പരിശീലനം
* എല്ലാ ആഴ്ചയിലും ഒരു ദിവസം SRG മീറ്റിംഗ് കൂടി പ്രവർത്തനങ്ങളുടെ ആസൂത്രണവും അവലോകനവും
* Sports practice
* ലൈബ്രറി.
* പ്രധാനപ്പെട്ട ദിനാചരണങ്ങൾ
* JRC പ്രവർത്തനങ്ങൾ
* ശുചിത്വ പരിപാടികൾ
* വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ
* വിദഗ്ധരുടെ ക്ലാസുകൾ.

ഓരോവിഷയങ്ങളിലും Scheme of work നു പുറമെ ചെയ്യുന്ന പ്രത്യേക പ്രവർത്തനങ്ങൾ:

ഹിന്ദി:

5, 6, 7 ക്ലാസ്സുകളിൽ അക്ഷരബോധം, ചിഹ്നം ഉറപ്പിക്കൽ പ്രവർത്തനം ചെയ്യാനും അതുവഴി തെറ്റുകൂടാതെ ഹിന്ദിവായിക്കാനുള്ള പരിശീലനവും.

പ്രവർത്തനങ്ങൾ: പുതിയ പദങ്ങൾ പാഠഭാഗത്തുവരുമ്പോൾ അതിൽ വരുന്ന അക്ഷരങ്ങൾ മനസ്സിലാക്കി കൊടുത്ത് ഇത്തരം അക്ഷരങ്ങൾ വരുന്ന മറ്റ് പദങ്ങൾ കണ്ടെത്തൽ —
ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് എല്ലാ ക്ലാസ്സിലും.

കൊച്ചു കഥകൾ, കവിതകൾ, (ഹിന്ദി) നിരന്തരം വായിച്ചു കേൾപ്പിക്കുകയും വായനയിലേക്ക് ആകർഷിക്കാൻ തക്കവിധമുള്ള പുസ്തകങ്ങൾ സെലക്ട് ചെയ്ത് കുട്ടികൾക്ക് കൊടുത്ത് വായനയുടെ ലോകത്തേക്ക് അവരെ കൈപിടിച്ച് കയറ്റുകയും ചെയ്യും.

DATE | | | | PAGE | |

| OBJECTIVES | ACTIVITIES | PERIOD |
|---|---|---|
| To improve reading skill | "Read and record" Form reading group for each class and give daily reading activity. | June-March. |
| Reading, writing, knowledge, creativity & aesthetic feeling. | English Corner Set English corner in each class. | June-March |
| To improve speaking skill, questioning, observation & vocabulary | "Mystery box" Some objects are hidden in a box and students are asked to describe it and identify. | June-December |
| To enhance vocabulary. | "My English Dictionary" students make their own dictionary. | June-March |
| Improve reading skill | Reciprocal reading. Team work | June-March. |

PAGE

| | | |
|---|---|---|
| ...prove ...mory. | "Run baby run" Game related to memory test | June-July. |
| ...mprove ...aking skill, ...fidence, ...cabulary. | "A word a day" for V & VI "News reading" for VII or "Thought for the day" or "English speech" | June-March Monthly Monthly. |
| ...istening, ...reativity | "Fun time funda" Puzzle, riddle & fun activities | June-March |
| Reading, Knowledge | "Alert zone" Quotes, sign boards, posters and proverbs in school compound. | June-March |
| Creativity, vocabulary. | English magazine | June-March |

SHARP

സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളും റോഡിൽ പാലിക്കേണ്ട നിയമങ്ങളെ കുറിച്ചും കുട്ടികളെ പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള ചർച്ച നടത്തുവാൻ തീരുമാനിച്ചു. കുറച്ചു വർഷങ്ങളായി കേരളത്തിൽ നേരിട്ടു കൊണ്ടിരിക്കുന്ന പ്രളയം, പ്രകൃതി ദുരന്തം, ഉരുൾപൊട്ടൽ എന്നിവയുടെ തീവ്രത മനസ്സിലാക്കി കൊടുക്കുകയും, രക്ഷാ-പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു. അതുപോലെ, ഒരു ജനാധിപത്യ രാജ്യത്തിൽ തിരഞ്ഞെടുപ്പിന്റെ ഓരോ ഘട്ടങ്ങളെ കുറിച്ചും മനസ്സിലാക്കാൻ ഇലക്ഷൻ നടത്താൻ തീരുമാനിക്കുന്നു. നമ്മുടെ ദിനാചരണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ഓരോ കുട്ടിയും മനസ്സിലാക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി, സ്വാതന്ത്ര്യദിനാഘോഷം, ഹിരോഷിമ നാഗസാക്കി ദിനം എന്നിവയെ കുറിച്ച് മനസ്സിലാക്കി കൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുവാൻ തീരുമാനിച്ചു. ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ച് കുട്ടികളോട് പോസ്റ്റർ തയ്യാറാക്കാൻ ആവശ്യപ്പെടുകയും തയ്യാറാക്കിയ പോസ്റ്റർ ഉൾ-പ്പെടുത്തി റാലി സംഘടിപ്പിക്കാൻ തീരുമാനിക്കുന്നു.

പൊതുവിജ്ഞാനം വളർത്തുന്നതിനോടൊപ്പം ക്ലാസുകളിൽ

ടെ വായന ശീലങ്ങൾക്കും പഠനത്തിലെ പ്രധാനപ്പെട്ട സംഭവങ്ങൾ ക്വിസ് രൂപത്തിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ വാസവസാനം നടത്തുവാൻ തീരുമാനിച്ചു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവ് ആശയം ഉറച്ച പരിശോധിക്കൽ | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുന്നു. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3 ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുന്നു. | ഗ്രാമസഭ, വാർഡ്‌സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതത്വം മനസ്സിലാക്കുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ബോധവാന്മാരാക്കുന്നു | ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യാവിഷ്കാരത്താൽ പ്രകൃതി ദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ബോധവാന്മാരാക്കുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 സഹജീവികളോട് സഹാനുഭാവം വളർത്തിയെടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങളിൽ കഷ്ടപ്പെടുന്ന വ്യക്തികൾക്ക് വിദ്യാലയത്തിന്റെ ഭാഗമായി കുട്ടികൾ ശേഖരിച്ച സഹായ സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ എത്തിക്കുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6 വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർ- | കുട്ടികൾക്ക് റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നൽകി ബോധവാന്മാരാക്കുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 9 | ദിനാചരണം | ദിനാചരണവുമായി ബന്ധപ്പെട്ട പോസ്റ്റർ, ചിത്രരചന എന്നിവ നടത്തുന്നു | ജൂൺ 12 | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 10 | ലോക ജനസംഖ്യാ ദിനം | ലോക ജനസംഖ്യാ ദിനവുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ പോസ്റ്ററുകൾ, സംവാദം, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നു | ജൂലൈ 11 | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 11 | പാർലമെന്റ് ഇലക്ഷൻ | തെരഞ്ഞെടുപ്പിന്റെ ഓരോ ഘട്ടങ്ങളിലൂടെയും പഠിതാവ് കടന്ന് പോകുന്നു | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 12. | ഹിരോഷിമ നാഗസാക്കി | കുട്ടികൾ [illegible] പോസ്റ്റർ ഉൾപ്പെടുത്തി റാലി നടത്തുന്നു | ആഗസ്റ്റ് 6, 9 | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 13 | സ്വാതന്ത്ര്യ ദിനാഘോഷം | സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം സംഘടിപ്പിക്കുന്നു | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പൊതുവിജ്ഞാനം വളർത്തുന്നതോടൊപ്പം വായനാ ശീലവും ആർജ്ജിക്കുവാൻ പര്യാപ്തമാകുന്നു. | ക്ലാസുകളിൽ ദിവസവും പത്രവായന ശീലമാക്കുന്നതിനോടൊപ്പം പത്രത്തിലെ പ്രധാനപ്പെട്ട സംഭവങ്ങൾ ക്വിസ് രൂപത്തിൽ അവതരിപ്പിക്കുന്നു. | മാസാവസാനം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ. | പി.ടി.എ |
| | പ്രൊജക്ട് നിർമ്മിക്കാനുള്ള അവസരം. വിശദ് അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ. | |
| 2) ശാസ്ത്ര ലോകത്തെ നിരന്തരമായി അന്വേഷണം നടത്തുന്നതും പുതിയ വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി [illegible]കയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശി[illegible] | | | |

| | | | | |
|---|---|---|---|---|
| [illegible] | [illegible] | | | |
| | സയൻസ് ലാബ്, IT ലാബ് എന്നിവ ആധുനികവൽക്കരിക്കുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ സയൻസ് ക്ലബ് അംഗങ്ങൾ | PTA, മാനേജ്മെന്റ് |
| 3) ആരോഗ്യ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യത്തെ ശ്രദ്ധിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ. | |
| 4) വൈജ്ഞാനിക വിസ്ഫോടനം. അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ. | ഫലവൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഔഷധ സസ്യങ്ങളുടെ ഔഷധഗുണവും ഉപയോഗക്രമവും തിരിച്ചറിയൽ. | അക്കാദമിക വർഷം. അക്കാദമിക വർഷം. | ആരോഗ്യ ക്ലബ്, ഹരിത ക്ലബ്. | കൃഷി വകുപ്പ്, പഞ്ചായത്ത്, ഹരിത സേന |
| ശാസ്ത്രമേഖലയിലെ ജ്ഞാനശാഖകൾ തെളിയിക്കുക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി ഉപയോഗപ്പെടുത്തുക. | വിസ്മയയാത്ര. ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ - വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | PT[…] Scien[…] Cecl[…] |

| | | | | |
|---|---|---|---|---|
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ് | അധ്യാപകർ, |
| | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലും പരിചയപ്പെടുന്നു. | | | |
| | സബ്ജില്ല, ജില്ലാ തലത്തിലുള്ള ക്വിസ്, പ്രൊജക്ട്, സെമിനാറിൽ പങ്കെടുക്കുന്നു. | | | രക്ഷിതാക്കൾ. |
| | ശാസ്ത്രജ്ഞരുമായി സംവദിക്കൽ. | അക്കാദമിക വർഷം (1 പ്രാവശ്യം) | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ അധ്യാപകരുമൊത്ത്. |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | | | |
| 3) ഹൈടെക് ലേൺ<br>മാനവികതയിൽ ഊന്നി-യുള്ള ശാസ്ത്രബോധം വളർത്തുക. | ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം.<br>സയൻസ് ലാബ്, IT ലാബ് എന്നിവ ആധുനികവത്കരിക്കണം. | അക്കാദമി-ക വർഷം | സയൻസ് അധ്യാപകർ സയൻസ് ക്ലബ് അംഗങ്ങൾ | PTA, മാനേജ്മെന്റ് |
| 4) ആരോഗ്യവും പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നു. | അക്കാദമി-ക വർഷം | സയൻസ് അധ്യാപകർ. | |
| 4) വൈജ്ഞാനിക ബഹിർസ്ഫുരണം.<br>അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേര-റിവ് നേടൽ. | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ. | അക്കാദമി-ക വർഷം.<br>അക്കാദമിക വർഷം. | ആരോഗ്യ ക്ലബ്, ഹരിത ക്ലബ്. | കൃഷി വകുപ്പ്, പഞ്ചായത്ത്, ഹരിത സേന [illegible] |

| | | | | |
|---|---|---|---|---|
| നിയമങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | | | | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | പരിസ്ഥിതിക്ക് ദോഷകരമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ ആവാസങ്ങൾ, വനങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവയെ കുറിച്ച് മനസ്സിലാക്കുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 8 സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളുടെ നിലവാരം ഉയർത്തുന്നു | മത്സര പരീക്ഷകളെ നേരിടുവാനുള്ള പൊതുവിജ്ഞാനം വളർത്തുവാൻ ചോദ്യോത്തര വേളകൾ ക്ലാസുകളിൽ സംഘടിപ്പിക്കുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

(c) അദ്ധ്യാപകർ:

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അദ്ധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്താൻ താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കുന്നു.

* സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം.
* പഠനസാമഗ്രികളുടെ ലഭ്യത
* ആവശ്യമായ ഭൗതിക വിഭവങ്ങൾ (മനുഷ്യവിഭവം, സമ്പത്ത്, സാമഗ്രികളുടെ ലഭ്യത)

(d) ഭൗതികസാഹചര്യം

മികവിന്റെ കേന്ദ്രമായി മാറുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ നമ്മുടെ വിദ്യാലയത്തിൽ ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് താഴെ പറയുന്ന ഘടകങ്ങൾ പരിശോധിക്കാം.

* പരിസ്ഥിതി സൗഹൃദ – വിദ്യാർത്ഥി സൗഹൃദ സ്കൂൾ - ക്ലാസ് അന്തരീക്ഷം.
* കളിസ്ഥലവും കളിയുപകരണങ്ങളും
* മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ.
* ശുദ്ധജല ലഭ്യത
* ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഉള്ള സൗകര്യം.
* ഗതാഗത സൗകര്യം

(e) സാമൂഹ്യ ഇടപെടലുകൾ:

സാമൂഹ്യ ഇടപെടലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കുന്നു.

* പി. ടി. എ
* മദർ PTA